2461
11/2/21

<u>അനുബന്ധം എച്ച് 4</u>

<u>നോട്ടീസ്</u>

റാന്നി പെരുനാട് സാമൂഹികാരോഗ്യകേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II ആയ താങ്കൾക്ക് എ4-12004/19/ജി.മെ.ആ പത്തനംതിട്ട തീയതി 07.09.2020 കത്ത് പ്രകാരം അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതിന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നെങ്കിലും മറുപടി നൽകിയിട്ടില്ല

അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നത് കടുത്ത അച്ചടക്ക ലംഘനവും 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായ പ്രവർത്തിയും, ഔദ്യോഗിക കൃത്യ നിർവ്വഹണ വീഴ്ചയും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പടെയുള്ള കടുത്ത ശിക്ഷ അർഹിക്കുന്ന കുറ്റവുമാണ്.

ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കളുടെ വിശദീകരണം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ വിഷയത്തിൽ താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ മേൽ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ഈ തീയതിക്കുള്ളിൽ ജില്ലാ മെഡിക്കൽ ആഫീസിലെ ജില്ലാ മെഡിക്കൽ ആഫീസറിൽ നിന്നും ആഫീസ് സമയത്ത് വന്ന് അപേക്ഷ നൽകിയാൽ (വീട്ടു മേൽ വിലാസം കൃത്യമായി അറിയിച്ച്) താങ്കൾക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് അയച്ചു തരുന്നതായിരിക്കും.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
പത്തനംതിട്ട

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം)
പത്തനംതിട്ട

ശ്രീ.വിനോദ് കുമാർ.ആർ,
ഗംഗോത്രി, കാവുംഭാഗം,
തിരുവല്ല.